I/41762/2023

**ഭരണഭാഷ- മാതൃഭാഷ**

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്**

ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം - 695033
ഫോൺ/ഫാക്സ് : 0471-2305318/0471-2305317
ഇ-മെയിൽ: ecostatdir@gmail.com
Website:www.ecostat.kerala.gov.in

**സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

**(ഹാജർ: നിപുൺ ജോസഫ്)**

വിഷയം :- ഡിഇഎസ്- ജീവനക്കാര്യം-ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് തസ്തിക മാറ്റം വഴി എൽ ഡി ടൈപ്പിസ്റ്റായി നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം:- 1) 03/01/2014 ലെ സ.ഉ.(പി) 1/2014/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്.
2) 19/07/2014 ലെ സ.ഉ.(പി) 21/2014/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്.
3) 28/05/2015 ലെ സ.ഉ.(പി) 16/2015/ഉ.ഭ.പ.വ. നമ്പർ ഉത്തരവ്.
4) ഗ്രഡേഷൻ സെല്ലിന്റെ 02/02/2021 ലെ ഡി ഇ എസ്/2202/2020-ജി ആർ സി നമ്പർ ഉത്തരവ്.
5) ഈ ഓഫീസിലെ 21/07/2023 ലെ ഡി ഇ എസ്/2619/2023- ഇ ബി 3 നമ്പർ ഉത്തരവ്.
6) ജി. ഒ. (പി) നമ്പർ 27/2021/ഫിൻ തീയ്യതി. 10/02/2021.
7) ഈ ഓഫീസിലെ 20/02/2021 ലെ ഇ ബി (3) 18391/2019/ഡി ഇ എസ് നമ്പർ ഉത്തരവ്.

**ഉത്തരവ് നമ്പർ:ഡിഇഎസ്/3329/2023- ഇബി 3; തീയതി: 25-07-2023**

വിവിധ സർക്കാർ വകുപ്പുകളിലെ എൽ.ഡി. ക്ലാർക്ക് , എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികകളിൽ 10 ശതമാനത്തിലേക്ക് അതതു വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടെയും എൻടി കേഡറിലെ സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ എൽ.ഡി. ക്ലാർക്ക് , എൽ. ഡി. ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് നിയമനം നൽകുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്.

പരാമർശം (7) ഉത്തരവ് പ്രകാരം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് കോട്ടയം താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി. ശ്രീലത എൽ.-ന് എൽ. ഡി. ടൈപ്പിസ്റ്റായി തസ്തികമാറ്റം വഴി നിയമനം നൽകി ഉത്തരവായിരുന്നു. പരാമർശം (5 ) ഉത്തരവ് പ്രകാരം ശ്രീമതി. ശ്രീലത എൽ.-ന് യു.ഡി.ടൈപ്പിസ്റ്റായി സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. ഓരോ വകുപ്പിലും എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയുടെ കേഡർ സ്ട്രെങ്ങ്തിന്റെ 10 ശതമാനം ഓഫീസ് അറ്റൻഡന്റ്-ന്റെ തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി നിജപ്പെടുത്തേണ്ടതുണ്ട്.

പരാമർശം (4) സീനിയോറിറ്റി ലിസ്റ്റിൽ നിലവിൽ ഏറ്റവും സീനിയറായ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് കോഴിക്കോട് ജില്ലാ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് (ഹയർ ഗ്രേഡ്) ശ്രീ. അനിൽകുമാർ എൻ. പി. (പെൻ : 459246)-യ്ക്ക് എൽ.ഡി. ടൈപ്പിസ്റ്റായി തസ്തികമാറ്റ നിയമനം ലഭിക്കുന്നതിന് അർഹതയുണ്ട്. തിരുവനന്തപുരം പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ ഒഴിവ് നിലവിലുണ്ട്.

മേൽ സാഹചര്യത്തിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് കോഴിക്കോട് ജില്ലാ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് (ഹയർ ഗ്രേഡ്) ശ്രീ. അനിൽകുമാർ എൻ. പി. (പെൻ : 459246) -യെ 26500-60700 ശമ്പള നിരക്കിൽ തസ്തിക മാറ്റം വഴി എൽ.ഡി. ടൈപ്പിസ്റ്റായി നിയമനം നൽകി തിരുവനന്തപുരം പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിൽ നിയമിച്ച് ഉത്തരവാകുന്നു.

പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം ശ്രീ. അനിൽകുമാർ എൻ. പി.-യ്ക്ക് തസ്തികമാറ്റം വഴി നിയമനം ലഭിക്കുന്ന ജില്ലയിൽ നിന്നുള്ള സ്ഥലംമാറ്റം അന്തർജില്ലാ/അന്തർ വകുപ്പ് സ്ഥലംമാറ്റങ്ങൾ സംബന്ധിച്ചുള്ള വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കും.

ശ്രീ. അനിൽകുമാർ എൻ. പി. യഥാസമയം വിടുതൽ ചെയ്ത് തിരുവനന്തപുരം പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റിൽ ജോലിയിൽ പ്രവേശിക്കാൻ ഹാജരാകേണ്ടതാണ്.

**"ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലെ OA-1295/2023 നമ്പർ കേസിൻമേലുള്ള അന്തിമ വിധിന്യായത്തിന് വിധേയമാണ് ഈ സ്ഥാനക്കയറ്റ ഉത്തരവ്"**

Signed by
Nipun Joseph
Date: 25-07-2023 15:22:56

NIPUN JOSEPH
SENIOR ADMINISTRATIVE OFFICER

പകർപ്പ് : - 1) ഡയറക്ടർ, പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം.
2) ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഫീസ്, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് , കോഴിക്കോട്.
3) ഡയറക്ടർ/ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ പി.എ.
4) ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം ( വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5) ഗ്രഡേഷൻ സെൽ
6) ഫയൽ/ കരുതൽ ഫയൽ